File No.LBRD-C1/69/2018-LBRD

F.
14/5/18

15 MAY 2018

14494
15/5/18

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിനുള്ള കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യതയുടെ ഉയർന്ന യോഗ്യതയായി ഐ.ടി.ഐ. കളിലെ കോപ്പ ട്രേഡിലെ എൻ.ടി.സി. യോഗ്യത പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം./24/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 11/05/2018

പരാമർശം:- 1. ശ്രീമതി.രാജം.ഇ, ശ്രീ.അഭിലാഷ്.കെ.ടി.കെ, ശ്രീമതി.ശ്രീജ.പി. എന്നിവർ ട്രെയിനിംഗ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച അപേക്ഷകൾ .
2. ട്രെയിനിംഗ് ഡയറക്ടറുടെ 22.04.2018-ലെ എഫ്1/20713/2017നമ്പർ കത്ത്.
3. 30.03.2017 ലെ ജി.ഒ. (എം.എസ്) നം.21/2017/തൊഴിൽ .

5/5/18

**ഉത്തരവ്**

കോ-ഓപ്പറേറ്റീവ് ബാങ്കിലെ ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള യോഗ്യത ബിരുദവും ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യതയുമാണ്. മേൽ തസ്തികയിലെ നിയമനത്തിനുള്ള കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യതയ്ക്ക് തത്തുല്യ യോഗ്യതയായി കോപ്പ ട്രേഡിലെ എൻ.ടി.സി. പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി.രാജം.ഇ, ശ്രീ.അഭിലാഷ്.കെ.ടി.കെ, ശ്രീമതി.ശ്രീജ.പി. എന്നിവർ ട്രെയിനിംഗ് ഡയറക്ടർ മുൻപാകെ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ, കോപ്പ ട്രേഡിലെ എൻ.ടി.സി. എന്നിവയുടെ തുല്യത പരിശോധിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും ഐ.ടി.ഐ. കളിലെ കോപ്പ (1 വർഷം) കോഴ്സിൽ ഡേറ്റ എൻട്രി ഓപ്പറേറ്റർ (6 മാസം) കോഴ്സിന്റെ സിലബസ് എല്ലാം ഉൾപ്പെടുന്നുണ്ടെന്നും കൂടാതെ കോപ്പ ഏകവത്സര കോഴ്സായതിനാൽ ഡേറ്റ എൻട്രി ഓപ്പറേറ്റർ ട്രേഡിൽ ഉൾപ്പെടുന്ന ഭാഗങ്ങൾ കൂടാതെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഹാർഡ് വെയർ സംബന്ധമായ കാര്യങ്ങൾ കൂടുതൽ ഉൾപ്പെടുന്നുണ്ടെന്നും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് ചെയ്യുകയുണ്ടായി. പരാമർശം 3 പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനത്തിന് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ലോവർ) യോഗ്യതക്ക് പകരമായി കോപ്പ ട്രേഡിലെ എൻ.ടി.സി. ഉയർന്ന യോഗ്യതയായും ഡേറ്റ എൻട്രി ഓപ്പറേറ്റർ ട്രേഡിലെ എൻ.ടി.സി. തത്തുല്യയോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി

ഒരു കേന്ദ്ര/കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യതയുടെ ഉയർന്ന യോഗ്യതയായി ഐ.ടി.ഐ. കളിലെ കോപ്പ ട്രേഡ് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട്, സൂചന 3 ഉത്തരവ് എന്നിവ പരിഗണിച്ച് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിനുള്ള കമ്പ്യൂട്ടർ ഡേറ്റ എൻട്രി ഓപ്പറേറ്റർ യോഗ്യതയ്ക്ക് ഉയർന്ന യോഗ്യതയായി ഐ.ടി.ഐ.കളിലെ കോപ്പ ട്രേഡിലെ എൻ.ടി.സി. യോഗ്യത പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശിവദാസൻ ഇ.കെ**
**ജോയിൻറ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.രാജം.ഇ, പ്ലാങ്കളവിള വീട്, വെങ്കോട്, ചെറിയകൊല്ല.പി.ഒ., തിരുവനന്തപുരം
ശ്രീ.അഭിലാഷ്.കെ.ടി.കെ, അഭിന നിവാസ്, സിദ്ധ സമാജ്.പി.ഒ., വടകര, കോഴിക്കോട്
ശ്രീമതി.ശ്രീജ.പി., കദളിക്കാട്ടിൽ വീട്, കാരുമാത്ര.പി.ഒ., കോണത്തുകുന്ന്, തൃശ്ശൂർ .
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ